"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - പോലീസ് വകുപ്പിലെ ക്ലോസ്ഡ് ആംഡ് റിസർവ് കേഡറിലെ 20 റിസർവ് സബ് ഇൻസ്പെക്ടർ തസ്തിക അപ്ഗ്രേഡ് ചെയ്ത് , 20 റിസർവ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(കെ)വകുപ്പ്**

സ.ഉ.(കൈ) നം.23/2026/HOME തീയതി,തിരുവനന്തപുരം, 03-02-2026

---

പരാമർശം:-

1. 10.12.2010 ലെ സ.ഉ.(പി) നം. 268/2010/ആഭ്യന്തരം
2. സംസ്ഥാന പോലീസ് മേധാവിയുടെ 28.10.2025-ലെ ഇ1-178796/2025/പിഎച്ച്ക്യൂ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശിത ഉത്തരവ് പ്രകാരം ജില്ലാ പോലീസിലെ ആംഡ് റിസർവ്വ് വിഭാഗവും ജനറൽ എക്സിക്യൂട്ടീവ് വിഭാഗവും സംയോജിപ്പിച്ച് 01.04.2010-ൽ കേരള സിവിൽ പോലീസ് കേഡർ രൂപീകരിക്കുകയുണ്ടായി. ജില്ലാ പോലീസ് ആംഡ് റിസർവ്വ് വിഭാഗത്തിലെ സബോർഡിനേറ്റ് സർവ്വീസ് തസ്തികകൾ കേരള സിവിൽ പോലീസ് കേഡറിൽ സംയോജിപ്പിച്ചിട്ടുള്ളതാണ്. ഇത് പ്രകാരം 01.04.2010 തീയതിയിൽ ആംഡ് റിസർവ്വ് വിഭാഗത്തിൽ അംഗങ്ങളായിരുന്നവർക്ക് ഓപ്ഷന്റെ അടിസ്ഥാനത്തിൽ സിവിൽ പോലീസ് കേഡറിലേയ്ക്ക് മാറുന്നതിനോ അല്ലെങ്കിൽ അതത് ജില്ലാ പോലീസ് ആംഡ് റിസർവ്വ് വിഭാഗത്തിൽ തുടരുന്നതിനോ വ്യവസ്ഥ ചെയ്തിരുന്നു. ജില്ലാ പോലീസിലെ ആംഡ് റിസർവ്വ് വിഭാഗത്തിൽ തുടരാൻ സന്നദ്ധരായിരുന്നവരെ ജില്ലാ പോലീസ് ആസ്ഥാനത്ത് ക്ലോസ്ഡ് ആംഡ് റിസർവ്വ് വിഭാഗമായാണ് കണക്കാക്കുന്നത്.

2. ജില്ലാ പോലീസിലെ ആംഡ് റിസർവ്വ് വിഭാഗത്തിലെ സ്റ്റേറ്റ് സർവ്വീസ് വിഭാഗത്തിലുണ്ടായിരുന്ന ഉദ്യോഗസ്ഥർ വിരമിക്കുകയും സ്ഥാനക്കയറ്റം വഴി നിയമിക്കപ്പെടുന്നതിന് ക്ലോസ്ഡ് ആംഡ് റിസർവ്വ് വിഭാഗത്തിൽ അർഹരായവരുടെ അഭാവവും കാരണം ഭൂരിഭാഗം സൂപ്പർവൈസറി തസ്തികകളും നിർത്തലാക്കിയിട്ടുള്ളതാണ്. നിലവിൽ മധ്യനിരയിലെ സൂപ്പർവൈസറി ഉദ്യോഗസ്ഥരുടെ അഭാവം ഈ വിഭാഗത്തിൽ ഭരണപരമായ അസൗകര്യം ഉണ്ടാക്കുന്നതായി സൂചന 2 പ്രകാരം സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ 20 പോലീസ് ജില്ലകളിലെയും ക്ലോസ്ഡ് ആംഡ് റിസർവ്വിന്റെ പ്രവർത്തന മേൽനോട്ടത്തിന് ഉയർന്ന തസ്തിക അനിവാര്യമായതിനാൽ ക്ലോസ്ഡ് ആംഡ് റിസർവ് വിഭാഗം ഉദ്യോഗസ്ഥർ ചുമതല നിർവഹിച്ചു വരുന്ന ഓരോ റിസർവ്വ് സബ് ഇൻസ്പെക്ടർ തസ്തികകൾ വീതം ആകെ 20 തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് 20 റിസർവ്വ് ഇൻസ്പെക്ടർ (ക്ലോസ്ഡ് ആംഡ് റിസർവ്വ് വിഭാഗം) തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ക്ലോസ്ഡ് ആംഡ് റിസർവ്വിലെ ഭരണപരമായ പ്രതിസന്ധി പരിഹരിക്കുന്നതിന് വേണ്ടിയാണ് ഇപ്പോൾ റിസർവ്വ് സബ് ഇൻസ്പെക്ടർ തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് റിസർവ്വ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്നത്. അതിനാൽ ടി തസ്തികകൾ ക്ലോസ്ഡ് ആംഡ് റിസർവ്വ് തുടരുന്ന കാലത്തോളം നിലനിൽക്കുന്നതാണ്. ക്ലോസ്ഡ് ആംഡ് റിസർവ്വ് അവസാനിക്കുന്ന സമയം ക്ലോസ്ഡ് ആംഡ് റിസർവ്വിലെ തസ്തികകൾ സിവിൽ പോലീസ് വിഭാഗത്തിലേക്ക് ഷിഫ്റ്റ് ചെയ്യേണ്ടി വരുന്ന പക്ഷം ഇപ്പോൾ അപ്ഗ്രേഡ് ചെയ്യപ്പെട്ട റിസർവ്വ് ഇൻസ്പെക്ടർ തസ്തികകൾ തിരികെ റിസർവ്വ് സബ് ഇൻസ്പെക്ടർ തസ്തികകൾ ആയി റിവേർട്ട് ചെയ്ത ശേഷമായിരിക്കും ഷിഫ്റ്റ് ചെയ്യുന്നത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) , തിരുവനന്തപുരം

പൊതുഭരണ എസ്.സി വകുപ്പ് (07.01.2026-ലെ ഇനം നമ്പർ 3527 പ്രകാരം)

ധനകാര്യവകുപ്പ് (03-02-2026ലെ E.3382407:EXP-A1/20/2026/FIN പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
സെക്ഷൻ ഓഫീസർ
Date: 04-02-2026 10:30:17

പകർപ്പ് -1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2.ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

3.ചീഫ് സെക്രട്ടറിയുടെ പി.എസ് ന്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 07-01-2026

ഫയൽ നം. കെ1/228/2025/ആഭ്യന്തരം. ഇനം നം: 3527

വിഷയം : ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പിലെ 20 റിസർവ്വ് സബ് ഇൻസ്പെക്ടർ തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് 20 റിസർവ്വ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. അധിക സാമ്പത്തിക ബാധ്യത വരുന്ന കാര്യമായതിനാൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടു കൂടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
08 JAN 2026

3527

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | **കെ1/228/2025 ആഭ്യന്തരം** |
| 2. വകുപ്പ് | **ആഭ്യന്തര (കെ) വകുപ്പ്** |
| 3. വിഷയം | **പോലീസ് വകുപ്പിലെ 20 റിസർവ്വ് സബ് ഇൻസ്പെക്ടർ തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് 20 റിസർവ്വ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്നത്- സംബന്ധിച്ച്.** |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01.01.2026 |
| 5.(i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br><br>(ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഉണ്ട്**<br><br>**ഉണ്ട് (ധനകാര്യവകുപ്പ് മന്ത്രി അംഗീകരിച്ചിട്ടുണ്ട്)** |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?<br>ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഇല്ല** |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | **ശ്രീമതി രശ്മി എ.ആർ** |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | **ശ്രീ.ബിശ്വനാഥ് സിൻഹ** |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06.01.2026 |
| 0. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെപേര് | **ഡോ. എ. ജയതിലക്** |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06.01.2026 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | **ശ്രീ. പിണറായി വിജയൻ** |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 06.01.2026 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 06.01.2026 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ ...കത്തിന്റെ നമ്പറും തീയതിയും... | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പോലീസ് വകുപ്പിലെ ക്ലോസ്ഡ് ആംഡ് റിസർവ് കേഡറിലെ 20 റിസർവ് സബ്-ഇൻസ്പെക്ടർ തസ്തിക അപ്ഗ്രേഡ് ചെയ്ത് , 20 റിസർവ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിന് മന്ത്രിസഭയുടെ അനുമതി തേടികൊണ്ടുള്ളതാണീ കുറിപ്പ്.

2. സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് പ്രകാരം 01.04.2010 ന് ജനറൽ എക്സിക്യൂട്ടീവുമായി ആംഡ് റിസർവ് സംയോജിപ്പിച്ചതിനെത്തുടർന്ന്, ക്ലോസ്ഡ് ആംഡ് റിസർവ് കേഡറിൽ തുടരാൻ തീരുമാനിച്ച ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ 10.12.2010 ലെ സ.ഉ.(പി) നം. 268/2010/ആഭ്യന്തരം പ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രതീക്ഷിത സ്ഥാനക്കയറ്റ തീയതി (ഇഡിപി) അടിസ്ഥാനമാക്കിയാണ് ക്രമീകരിച്ചിട്ടുള്ളത്. ഇഡിപി പ്രകാരം, 01.12.2013 വരെ സ്ഥാനക്കയറ്റം ലഭിച്ച റിസർവ് സബ്-ഇൻസ്പെക്ടർമാർക്ക് , by transfer മുഖേന റിസർവ് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം നല്കിയിട്ടുണ്ട്.

3. തുടർന്ന്, 2014-ലും 2015-ലും നേരിട്ട് recruit ചെയ്ത റിസർവ് സബ്-ഇൻസ്പെക്ടർമാരുടെ പുതിയ ബാച്ചുകളെ നിയമിച്ചിരുന്നു . 2014-ൽ പ്രൊമോഷൻ ലഭിച്ച റിസർവ് സബ്-ഇൻസ്പെക്ടർമാർ തുടർന്നുള്ള സ്ഥാനക്കയറ്റത്തിന് അർഹരാകുന്നതിന് മുമ്പ് സർവീസിൽ നിന്ന് വിരമിച്ചതിന്റെ ഫലമായി നേരിട്ട് നിയമിക്കപ്പെട്ട റിസർവ് സബ്-ഇൻസ്പെക്ടർമാർ റിസർവ് ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹരായി. നേരിട്ട് നിയമിക്കപ്പെട്ട റിസർവ് സബ്-ഇൻസ്പെക്ടർമാർ താരതമ്യേന പ്രായം കുറഞ്ഞവരായതിനാൽ, നിലവിൽ സർവീസിലുള്ള സ്ഥാനക്കയറ്റം ലഭിച്ച റിസർവ് സബ്-ഇൻസ്പെക്ടർമാർ ഇതുവരെ റിസർവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രമോഷന് അർഹരായിട്ടില്ല. തൽഫലമായി, ഇഡിപി അടിസ്ഥാനമാക്കി സ്ഥാനക്കയറ്റത്തിന് ക്ലോസ്ഡ് ആംഡ് റിസർവ് കേഡറിൽ യോഗ്യരായ ഉദ്യോഗസ്ഥരുടെ അഭാവം മൂലം, നിലവിലുള്ള റിസർവ് ഇൻസ്പെക്ടർ തസ്തികകൾ നിർത്തലാക്കുകയും പകരം പോലീസ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

4. നിലവിൽ 85 റിസർവ് സബ്-ഇൻസ്പെക്ടർമാർ സേവനത്തിലുണ്ട്. അവരിൽ ഭൂരിഭാഗവും ₹50,200-1,05,300 ശമ്പള സ്കെയിലിൽ നാലാമത്തെ ടൈംബൗണ്ട് ഹയർ ഗ്രേഡ് നേടുകയും 28 വർഷത്തിലധികം സേവനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരിൽ ഭൂരിഭാഗവും വിരമിക്കലിനോട് അടുക്കുകയാണ്. നിലവിൽ 20 പോലീസ് ജില്ലകളിലും ജില്ലാ ആസ്ഥാനങ്ങൾ (ഡിഎച്ച്ക്യു) ഉണ്ട്. എന്നിരുന്നാലും, പല ഡിഎച്ച്ക്യു കളിലും ക്യാമ്പിന്റെ തലവനായി സൂപ്പർവൈസറി ഓഫീസർമാരില്ല, ഇത് ഭരണപരവും പ്രവർത്തനപരവുമായ പോരായ്മകൾക്ക് കാരണമാകുന്നു.

5.റിസർവ് സബ്-ഇൻസ്പെക്ടർ കേഡറിലെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനും മുതിർന്ന ഉദ്യോഗസ്ഥർ ലഭ്യമല്ലാത്ത ഡിഎച്ച്ക്യുകളിൽ ഫലപ്രദമായ മേൽനോട്ടം ഉറപ്പാക്കുന്നതിനുമായി, നിലവിൽ നാലാം ടൈം ബൗണ്ട് ഹയർ ഗ്രേഡ് ലഭിക്കുന്നവരും റിസർവ് സബ് ഇൻസ്പെക്ടർ കേഡറിൽ കുറഞ്ഞത് 8 വർഷത്തെ സേവനം പൂർത്തിയാക്കിയതുമായ 20 സീനിയർ റിസർവ് ഇൻസ്പെക്ടർമാർക്ക് ഗ്രേഡ് അനുവദിക്കേണ്ടതാണെന്ന് സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്തിട്ടുണ്ട്. റിസർവ് സബ് ഇൻസ്പെക്ടർ കേഡറിലെ സ്തംഭനാവസ്ഥ ലഘൂകരിക്കുകയും ഡിഎച്ച്ക്യുകളിലെ മേൽനോട്ട ക്രമീകരണങ്ങൾ ശക്തിപ്പെടുത്തുകയും അതുവഴി ആംഡ് റിസർവ് ക്യാമ്പുകളുടെ പ്രവർത്തനത്തിൽ കാര്യക്ഷമതയും അച്ചടക്കവും മെച്ചപ്പെടുത്തുകയും ചെയ്യും. ഈ നിർദ്ദേശം സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്തില്ലെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. ക്ലോസ്ഡ് ആംഡ് റിസർവ് കേഡറിലെ ഏറ്റവും സീനിയറായ റിസർവ് സബ്-ഇൻസ്പെക്ടർമാർക്ക് റിസർവ് ഇൻസ്പെക്ടർ ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തിരുന്നു. തുടർന്ന് "**സംസ്ഥാനത്ത് 20 പോലീസ് ജില്ലകളിലെയും AR ക്യാമ്പിന്റെ പ്രവർത്തന മേൽനോട്ടത്തിന് ഉയർന്ന തസ്തിക അനിവാര്യമാണെന്നും ആയതിനാൽ നിലവിലുള്ള 20 RSI തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് 20 റിസർവ്വ് ഇൻ സ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പ് മന്ത്രി കാണുക**" എന്നുള്ള നിർദേശം രേഖപ്പെടുത്തി ഫയൽ ധനകാര്യവകുപ്പ് മന്ത്രിയ്ക്ക് സമർപ്പിക്കുകയും, ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശം അംഗീകരിക്കാവുന്നതാണെന്ന് അഭിപ്രായം രേഖപ്പെടുത്തി ഫയൽ തിരികെ നല്കുകയും, ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

7. തുടർന്ന് മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സഹിതം ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യുകയും ആയതിന്മേൽ ***4 th TBHG ൽ ഉള്ളതും RSI ൽ 8 വർഷം മിനിമം സർവീസും ഉള്ള ഏറ്റവും സീനിയറായ 20 RSI മാർക്ക് RI ഗ്രേഡ് അനുവദിക്കണമെന്നാണ് ശുപാർശ ചെയ്തിരിക്കുന്നത്. ഇങ്ങനെ ചെയ്യുന്നത് കൊണ്ട് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുന്നില്ല എന്ന് കാണുന്നു. എന്നാൽ ആഭ്യന്തര വകുപ്പിൽ നിന്നും സമർപ്പിച്ച കുറിപ്പിൽ RSI തസ്തിക RI തസ്തിക ആയി ഉയർത്തണമെന്നാണ് ശുപാർശ ചെയ്തിരിക്കുന്നത് . ഇതിൽ വ്യക്തത വരുത്തുക.*** എന്ന് ചീഫ് സെക്രട്ടറി ഉത്തരവാകുകയും ചെയ്തിരുന്നു.

8. ഇതു സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പ്രകാരം റിസർവ് സബ് ഇൻസെക്ടർ തസ്തികയിലെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനും, മുതിർന്ന ഉദ്യോഗസ്ഥർ ലഭ്യമല്ലാത്ത ഡി.എച്ച്.ക്യൂ കളിൽ ഫലപ്രദമായ മേൽ നോട്ടം വഹിക്കുന്നതിനുമായാണ്, നിലവിൽ നാലാം സമയ ബന്ധിത ഹയർ ഗ്രേഡ് ലഭിച്ചവരും, റിസർവ് സബ് ഇൻസ്പെക്ടർ തസ്തികയിൽ കുറഞ്ഞത് 8 വർഷം പൂർത്തിയാക്കിയവരുമായ ഉദ്യോഗസ്ഥർക്ക് റിസർവ് ഇൻസെക്ടർ (ഗ്രേഡ്) എന്ന ഉദ്യോഗ പദവി നൽകുന്നതിനാണ് ശിപാർശ ചെയ്തിരുന്നത്. ഇതുമൂലം ഇരു തസ്തികകളുടെയും അംഗീകൃത അംഗ ബലത്തിൽ വ്യത്യാസം വരുകയോ, തസ്തികകളുടെ അപ് ഗ്രഡേഷൻ ഉണ്ടാവുകയോ, ശമ്പള വ്യത്യാസം വരുകയോ ചെയ്യുന്നില്ല. ആയതിനാൽ തന്നെ ഇതു മൂലം സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകുന്നില്ല. എന്നാൽ ഇതിന് വേണ്ടി 20 റിസർവ് സബ് ഇൻസ്പെക്ടർ തസ്തികകൾ റിസർവ് ഇൻസ്പെക്ടർ ആയി അപ്ഗ്രേഡ് ചെയ്യുകയാണെങ്കിൽ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത ചുവടെ പട്ടികയിൽ ചേർക്കുന്നു.

| POST | PAY | DA | BARRACK ALLOWANCE | SPECIAL ALLOWANCE | TOTAL FOR ONE MONTH | FOR ONE YEAR(FOR 13 MONTHS FOR 20 POSTS) |
|---|---|---|---|---|---|---|
| Reserve Sub Inspector (4th Time Bound Higher Grade) | Rs.50200 | Rs.11044 | Rs.2500 | Rs.950 | Rs.64694 | Rs.16820440 |
| Reserve Inspector | Rs.55200 | Rs.12144 | Rs.3000 | Rs.650 | Rs.70994 | Rs.18458440 |
| Additional liability through upgradation for 20 posts of RSI as RI=Rs.16,38000 | | | | | | |

സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം RSI തസ്തിക RI തസ്തിക ആയി ഉയർത്തുമ്പോൾ പ്രതിവർഷം 16,38000 രൂപയുടെ സാമ്പത്തികബാധ്യതയുണ്ടാകുന്നതാണ്.

**തീരുമാനിക്കേണ്ട സംഗതി**

സംസ്ഥാനത്തെ 20 പോലീസ് ജില്ലകളിലെയും ആംഡ് റിസർവ് ക്യാമ്പിന്റെ പ്രവർത്തന മേൽനോട്ടത്തിന് ഉയർന്ന തസ്തിക അനിവാര്യമായതിനാൽ പോലീസ് വകുപ്പിലെ ക്ലോസ്ഡ് ആംഡ് റിസർവ് കേഡറിലെ 20 റിസർവ് സബ്-ഇൻസ്പെക്ടർ തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് , 20 റിസർവ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?